**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3945** **17-03-2025 - ൽ മറുപടിയ്ക്ക്**

**പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ഡോ. സുജിത് വിജയൻപിള്ള** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ നടന്നുവരുന്ന പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലും സാന്ത്വന പരിചരണ പരിപാടി നിലവിലുള്ള ഏക സംസ്ഥാനമാണ് കേരളം. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ മൊത്തം ബജറ്റിന്റെ ഒരു നിശ്ചിതവിഹിതം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി മാറ്റിവെക്കേണ്ടതായിട്ടുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തിന് കീഴിലും ഒരു പാലിയേറ്റീവ് കെയർ യൂണിറ്റ് ആരംഭിക്കുന്നതും ഒരു പാലിയേറ്റീവ് നഴ്സിനെ ഇതിനായി നിയമിക്കുന്നതും അതാത് ഗ്രാമപഞ്ചായത്തുകളാണ്. പ്രദേശത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുമായി സഹകരിച്ചു കൊണ്ടാണ് സാന്ത്വന പരിചരണ പരിപാടി നടപ്പിലാക്കി വരുന്നത്. പാലിയേറ്റീവ് കെയർ നഴ്സും വോളണ്ടിയർമാരും ഉൾപ്പെടുന്നതാണ് പാലിയേറ്റീവ് കെയർ ടീം ഇവർ ഗൃഹ സന്ദർശനം നടത്തി സാന്ത്വന പരിചരണം ആവശ്യമുള്ള എല്ലാ ജനങ്ങൾക്കും ആവശ്യമായ പരിചരണം നൽകി വരുന്നു. പ്രതിമാസം 50,000ത്തിൽ പരം രോഗികൾക്ക് ഇപ്രകാരം ഭവന സന്ദർശനത്തിലൂടെയുള്ള സേവനങ്ങൾ ലഭിക്കുന്നുണ്ട്. ഇതിനുപുറമേ, ഗൃഹ സന്ദർശനത്തിലൂടെ ഫിസിയോതെറാപ്പി സേവനങ്ങളും നൽകുന്നതിനുള്ള നടപടികൾ ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുണ്ട്. പാലിയേറ്റീവ് രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട് സംഘടനകളെ രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പാലിയേറ്റീവ് പദ്ധതികൾക്ക് ആവശ്യമായ വാഹന സൗകര്യം, മരുന്നുകളുടെ സംഭരണം, ഉപകരണങ്ങളുടെ സംഭരണവും വിതരണവും എന്നിവയും നടത്തി വരുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. നിലവിൽ സർക്കാർ മേഖലയിൽ |

| | | | |
|---|---|---|---|
| | | | 1142 പ്രൈമറി പാലിയേറ്റീവ് യൂണിറ്റുകളാണ് പ്രവർത്തിച്ചുവരുന്നത് . ഇവ മുഖാന്തിരം 1,14,439 രോഗികൾക്ക് പരിചരണം നൽകി വരുന്നു. സർക്കാരിതര മേഖലകളിൽ അർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന ഒട്ടനവധി പാലിയേറ്റീവ് കെയർ യൂണിറ്റുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇവയുടെയെല്ലാം സഹകരണം ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. 'പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ' അനിവാര്യ പ്രോജക്ടുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയതിനെ തുടർന്ന് എല്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഇതിനുള്ള പ്രോജക്ട് നിർബന്ധമായും വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്നുണ്ട്. നിലവിലുള്ള മാനദണ്ഡങ്ങൾക്കു വിധേയമായി പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ നൽകാനുള്ള സംവിധാനം ഒരുക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ 20,000 ജനസംഖ്യയുള്ള പ്രദേശത്ത് ഒരു ഹോം കെയർ യൂണിറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ<br><br>ആരംഭിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 16.12.2024 -നു ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഗ്രാമനഗര വ്യത്യാസമില്ലാതെ പരിചരണം ആവശ്യമായ മുഴുവൻ ആളുകളെയും APL / BPL വ്യത്യാസമില്ലാതെ മികച്ച പരിചരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജനകീയ മുന്നേറ്റം ഉറപ്പാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | പാലിയേറ്റീവ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി "പാലിയേറ്റീവ് കെയർ ഗ്രിഡ്" രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത ഗ്രിഡ് രൂപകല്പന നടത്തിയത് ഏത് ഏജൻസിയാണ് എന്നറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ എകോപിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പാലിയേറ്റീവ് കെയർ ഗ്രിഡ് രാജ്യത്ത് ആദ്യമായി സംസ്ഥാനത്ത് വികസിപ്പിക്കുകയും 2025 മാർച്ച് 3-ന് ബഹു. മുഖ്യമന്ത്രി 'കേരള കെയർ' പാലിയേറ്റീവ് കെയർ ഗ്രിഡ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ മാർഗ്ഗ നിർദ്ദേശ പ്രകാരമാണ് പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. പാലിയേറ്റീവ് കെയർ രോഗികളെയും സേവന ദാതാക്കളെയും കോർത്തിണക്കുന്ന ഒരു ശൃംഖലയായിട്ടാണ് പാലിയേറ്റീവ് കെയർ ഗ്രിഡ് പ്രവർത്തിക്കുന്നത് . ഇതിന്റെ പ്രവർത്തനം നിലവിലുള്ള സാന്ത്വന പരിചരണ പ്രവൃത്തികളെ ശാക്തീകരിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | അവലോകനം ചെയ്യുന്നതിനും സഹായകരമാവും വിധമാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. പ്രസ്തുത ഗ്രിഡിന്റെ സാക്ഷാത്കാരം ദേശീയ ആരോഗ്യ ദൗത്യത്തിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ദേശീയ ആരോഗ്യ ദൗത്യം ഈ ചുമതല കേരള സ്റ്റാർട്ടപ്പ് മിഷനെ എൽപ്പിക്കുകയും, സ്റ്റാർട്ടപ്പ് മിഷൻ തിരഞ്ഞെടുത്ത Pupil First എന്ന സ്റ്റാർട്ടപ്പ് കമ്പനിയെ ഇതിന്റെ രൂപകല്പന നടത്തുന്നതിന് ഏൽപ്പിക്കുകയും ചെയ്തു. |
| (സി) | പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത അവലോകനയോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (സി) | അവശത അനുഭവിക്കുന്ന എല്ലാ ജനങ്ങൾക്കും പ്രായഭേദമെന്യേയും സാമ്പത്തിക ഭേദമെന്യേയും സാന്ത്വന പരിചരണം ലഭിക്കണമെന്നുള്ള കർശന നിർദ്ദേശമാണ് ബഹു.മുഖ്യമന്ത്രി വിളിച്ച് ചേർത്ത അവലോകനയോഗത്തിൽ പ്രധാന തീരുമാനമായി കൈക്കൊണ്ടിട്ടുള്ളത്. പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 04.12.2024, 09.12.2024, 16.12.2024 തീയ്യതികളിൽ യോഗം ചേർന്നിട്ടുണ്ട്.<br><br>**പ്രധാന തീരുമാനങ്ങൾ :**<br><br>പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനായി നിലവിലുള്ള മാനദണ്ഡങ്ങൾക്കു വിധേയമായി പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ രജിസ്ട്രേഷൻ നൽകാനുള്ള സംവിധാനം ഒരുക്കുന്നതാണ്.<br><br>ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അവരുടെ അധികാര പരിധിയിലെ പാലിയേറ്റീവ് കെയർ സ്ഥാപനത്തിന്റെയും, സംഘടനകളുടെയും വിശദാംശം സമാഹരിച്ച് രജിസ്ട്രേഷൻ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഗൃഹപരിചരണം ആവശ്യമായ എല്ലാവർക്കും ഗുണമേന്മയുള്ള സേവനം ലഭിയ്ക്കുന്നുവെന്ന് ഉറപ്പാക്കാൻ ഓരോ യൂണിറ്റിലും പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരുടെ പിന്തുണ ഉറപ്പ് വരുത്തേണ്ടതുണ്ട്.<br><br>ബി.പി.എൽ / എ.പി.എൽ വ്യത്യാസമില്ലാതെ എല്ലാവർക്കും പരിചരണം ഉറപ്പാക്കും വിധം 'ഡൊമിസിലിയറി കെയർ പദ്ധതി' യായി വിപുലീകരിച്ച് മികച്ച പരിചരണം ഉറപ്പാക്കുന്നതിനും, ഓരോ രോഗിയ്ക്കും നൽകേണ്ട പരിചരണം അനുസരിച്ച് വ്യക്തിഗത പാലിയേറ്റീവ് പരിചരണ പ്രക്രിയ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ 20,000 ജനസംഖ്യയുള്ള പ്രദേശത്ത് ഒരു ഹോംകെയർ യൂണിറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കേണ്ടതാണ്.<br><br>പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിച്ച് പദ്ധതി കാര്യക്ഷമമാക്കാവുന്നതാണ്.<br><br>സർക്കാർ, സ്വകാര്യ, അഗതി മന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവിടങ്ങളിലെല്ലാം പാലിയേറ്റീവ് കെയർ സേവനം ഉറപ്പാക്കുക. വയോമിത്രം പദ്ധതി ഇതിന്റെ ഭാഗമാക്കാൻ സാധിക്കണം. |

സെക്ഷൻ ഓഫീസർ